കേരളാ പോലീസിന്റെ ലഹരി വിരുദ്ധ പരിപാടിയായ യോദ്ധാവിന്റെ എറണാകുളം റൂറൽ ജില്ലാതല ഉദ്ഘാടനം ആലുവയിൽ ജില്ലാ പോലീസ് മേധാവി വിവേക് കുമാർ നിർവ്വഹിച്ചു. നർക്കോട്ടിക്ക് സെൽ ഡി.വൈ.എസ്.പി പി.പി ഷംസ് അധ്യക്ഷനായി.പെരുമ്പാവൂർ എ.എസ്.പി അനുജ് പലിവാൽ, ആലുവ ഡിവൈഎസ്പി പി.കെ ശിവൻ കുട്ടി, എക്സൈസ് ഡപ്യൂട്ടി കമ്മീഷണർ ആർ.ജയചന്ദ്രൻ, മുൻസിപ്പൽ കൗൺസിലർ ജെയ്സൻ പീറ്റർ , ചൈൽഡ് ഡവലപ്പ്മെന്റ് പ്രൊജക്ട് ഓഫീസർ ഡോ.ജയന്തി. പി നായർ , ആയുർവ്വേദ മെഡിക്കൽ ഓഫീസർ ഡോ: നിഷ. പി മാധവൻ തുടങ്ങിയവർ പ്രസംഗിച്ചു. നശാ മുക്ത് ഭാരത് അഭിയാൻ ജില്ലാ കോഡിനേറ്റർ ഡോ.കെ.ആർ അനീഷ് ക്ലാസിന് നേതൃത്വം നൽകി.